എ.വൈ.ആർ

# സൂറ – 29 / അൽ അൻകബൂത്ത്

## സൂക്തം: 41– 44

സങ്കൽപ്പങ്ങൾക്ക് യാഥാർഥ്യങ്ങളോട് ഏറ്റുമുട്ടാനാവില്ല. ഭാവനാസൃഷ്ടികളായ ദൈവങ്ങളിൽ വിശ്വാസമർപ്പിക്കുന്നത് സ്വന്തം ഉദരത്തിൽനിന്ന് സ്രവിക്കുന്ന നൂലു കൊണ്ട് വീടുണ്ടാക്കുന്ന ചിലന്തിയെപ്പോലെയാണ്. കാറ്റിൽനിന്നും മഴയിൽനിന്നും ചൂടിൽനിന്നും തണുപ്പിൽനിന്നും ശത്രുക്കളിൽനിന്നുമെല്ലാം രക്ഷ നൽകുകയാണല്ലോ വീടിന്റെ ധർമം. ചിലന്തിവലക്ക് ഈ ധർമങ്ങളൊന്നും നിർവഹിക്കാനാവില്ല.



مَثَلُ الَّذِينَ اتَّخَذُوا مِن دُونِ اللَّهِ أَوْلِيَاءَ كَمَثَلِ الْعَنكَبُوتِ
اتَّخَذَتْ بَيْتًا ۖ وَإِنَّ أَوْهَنَ الْبُيُوتِ لَبَيْتُ الْعَنكَبُوتِ ۖ لَوْ كَانُوا
يَعْلَمُونَ ﴿٤١﴾

41. അല്ലാഹുവിനെ കൂടാതുള്ളവരെ രക്ഷകരായി വരിച്ചവരുടെ ഉദാഹരണം തനിക്കു വീടുണ്ടാക്കിയ ചിലന്തിയെപ്പോലെയാകുന്നു. വീടുകളിലേറ്റം ബലഹീനമായത് ചിലന്തിവലതന്നെയാണല്ലോ- ജനം മനസ്സിലാക്കുന്നുവെങ്കിൽ.

**41**

مَثَلُ الَّذِينَ اتَّخَذُوا مِن دُونِ اللَّهِ أَوْلِيَاءَ = അല്ലാഹുവല്ലാത്തവരെ രക്ഷകരായി എടുത്ത(വരിച്ച)വരുടെ ഉദാഹരണം

كَمَثَلِ الْعَنكَبُوتِ = എട്ടുകാലിയുടെ ഉദാഹരണം പോലെയാകുന്നു

اتَّخَذَتْ بَيْتًا ۖ = അത് ഒരു വീടുണ്ടാക്കി (തനിക്കു വീടുണ്ടാക്കിയ)

وَإِنَّ أَوْهَنَ الْبُيُوتِ = തീർച്ചയായും വീടുകളിലേറ്റം ബലഹീനമായത്

لَبَيْتُ الْعَنكَبُوتِ ۖ = ചിലന്തിവീട് (വല) തന്നെയാകുന്നു لَوْ كَانُوا يَعْلَمُونَ = അവർ(ജനം) മനസ്സിലാക്കുന്ന(ുവെങ്കിൽ)വരാണെങ്കിൽ

സത്യനിഷേധത്തിന്റെയും ധർമധിക്കാരത്തിന്റെയും പേരിൽ അല്ലാഹു നശിപ്പിച്ചുകളഞ്ഞതായി മുൻ സൂക്തങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ട സമുദായങ്ങളൊന്നും നാസ്തികരോ നിർമതരോ ആയിരുന്നില്ല. അവരൊക്കെയും നിരവധി ദൈവങ്ങളിൽ വിശ്വസിക്കുകയും ആ ദൈവങ്ങളുടേതെന്ന പേരിൽ വിഗ്രഹങ്ങളുണ്ടാക്കി പൂജിക്കുകയും ചെയ്തിരുന്നു. അവയെ ആധാരമാക്കി മതധർമങ്ങളും ആചരിച്ചിരുന്നു. ഈ ദൈവങ്ങളും വിഗ്രഹങ്ങളും മതങ്ങളുമെല്ലാം സ്വന്തം ഭാവനാവിലാസമനുസരിച്ച് അവർ തന്നെ നിർമിച്ചവയായിരുന്നു. അവക്കൊന്നും യാഥാർഥ്യവുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. ഏതാപത്ത് വന്നാലും അതിൽനിന്നെല്ലാം ഈ ദൈവങ്ങൾ തങ്ങളെ രക്ഷിക്കുമെന്ന് അവർ കരുതി. ഇനി പ്രവാചകന്മാർ പറയുന്നതുപോലെ ഒരു പരലോകമുണ്ടെങ്കിൽ അവിടെയും തങ്ങളുടെ രക്ഷകരായി ഈ ഇഷ്ട ദൈവങ്ങളുണ്ടാകും. പക്ഷേ അധർമത്തിന്റെയും അക്രമത്തിന്റെയും പേരിൽ അല്ലാഹു ശിക്ഷിച്ചപ്പോൾ ഈ ദൈവങ്ങളൊന്നും അവരുടെ രക്ഷകരായെത്തിയില്ല. അവയെല്ലാം കേവല സങ്കൽപങ്ങളായിരുന്നുവല്ലോ. സങ്കൽപ്പങ്ങൾക്ക് യാഥാർഥ്യങ്ങളോട് ഏറ്റുമുട്ടാനാവില്ല. ഭാവനാസൃഷ്ടികളായ ദൈവങ്ങളിൽ വിശ്വാസമർപ്പിക്കുന്നത് സ്വന്തം ഉദരത്തിൽനിന്ന് സ്രവിക്കുന്ന നൂലു കൊണ്ട് വീടുണ്ടാക്കുന്ന ചിലന്തിയെപ്പോലെയാണ്. കാറ്റിൽനിന്നും മഴയിൽനിന്നും ചൂടിൽനിന്നും തണുപ്പിൽനിന്നും ശത്രുക്കളിൽനിന്നുമെല്ലാം രക്ഷ നൽകുകയാണല്ലോ വീടിന്റെ ധർമം. ചിലന്തിവലക്ക് ഈ ധർമങ്ങളൊന്നും നിർവഹിക്കാനാവില്ല. ചിലന്തിയേക്കാൾ എത്രയോ ദുർബലമാണതിന്റെ വീട്. ഒരു കാറ്റടിച്ചാൽ, ഒരു തുള്ളി വെള്ളം വീണാൽ

ചിലന്തിവല പൊളിഞ്ഞുപോകുന്നു. ചിലന്തിക്കു തുല്യമോ അതിനേക്കാൾ ശക്തമോ ആയ ഒരു പ്രാണി വിചാരിച്ചാലും ചിലന്തിവല തകർക്കാം. മനുഷ്യനെപ്പോലുള്ള ജീവികൾ ഒന്നു തൊട്ടാൽ മതി, ആ വല അവന്റെ വിരലിലൊട്ടി അടർന്നു പോരും. സ്വന്തം ഉദരത്തിലെ ഗ്രന്ഥികൾ ഉൽപാദിപ്പിക്കുന്ന തീരെ നേർത്ത നൂലു കൊണ്ടാണ് ചിലന്തി വീടുണ്ടാക്കുന്നത്. ഒരു ചിലന്തി നൂലിന്റെ വ്യാസം ഒരു മില്ലി മീറ്ററിന്റെ പതിനായിരത്തിൽ മൂന്നംശം (.003 ശതമാനം) മാത്രമാണെന്നാണ് ഗവേഷകർ പറയുന്നത്. നാം കാണുന്ന ഒരു നൂൽ അനേകം ഇഴകൾ ചേർന്നതാണ്. ഈ നൂലിന് ഒരു തരം പശിമയുണ്ടായിരിക്കും. ചിലന്തിയുടെ പാർപ്പിടവും മുട്ടകൾക്ക് രക്ഷാകവചവും അലങ്കാരവുമൊക്കെയാണ് അതിന്റെ വല. വലക്കകത്ത് പ്രത്യേകം തയാറാക്കുന്ന മാളത്തിലാണ് ചിലന്തിയുടെ വാസം. നന്നെ ചെറിയ കീടങ്ങൾ വലയിൽ വന്നു കുടുങ്ങുമ്പോൾ എട്ടുകാലി അവയെ ഭക്ഷിക്കുന്നു. വന്നെത്തുന്ന കീടം വലുതാണെങ്കിൽ അവ ചിലന്തിയെയും ഭക്ഷിച്ചെന്നുവരും.

ചിലന്തിക്ക് അല്ലാഹു നിശ്ചയിച്ചുകൊടുത്ത ജീവിതക്രമം അത് പിന്തുടരുന്നു. ചിലന്തിയുടെ ഉപജീവന മാർഗമാണ് അതിന്റെ വല. എന്നാൽ ഒരു വീടു കൊണ്ട് പ്രതീക്ഷിക്കേണ്ട സംരക്ഷണമോ സമാധാനമോ മറ്റു പ്രയോജനങ്ങളോ ഒന്നും അതുകൊണ്ട് ലഭിക്കുകയില്ല. ഇതുപോലെയാണ് ഭാവനാസൃഷ്ടികളെ ദൈവങ്ങളാക്കി പൂജിക്കുന്നത്. വിശ്വാസിയുടെ ആരാധനാ ദാഹം ശമിപ്പിക്കാൻ അതുകൊണ്ട് കഴിഞ്ഞേക്കാം. പക്ഷേ വിശ്വാസം കൊണ്ടും ആരാധന കൊണ്ടും ലഭിക്കേണ്ട അനുഗ്രഹങ്ങളും ആഗ്രഹസാഫല്യവും ആപത്‌രക്ഷയും അവയിൽനിന്ന് ഒട്ടും ലഭിക്കുകയില്ല. സത്യദൈവത്തിന്റെ ശിക്ഷയുടെ നേരിയ സ്പർശമുണ്ടായാൽ മതി, രക്ഷകരും ശിപാർശകരും അനുഗ്രഹദാതാക്കളുമായി കരുതപ്പെടുന്ന വ്യാജദൈവങ്ങളും അവയുടെ ആരാധകരും ഒരുപോലെ തകർന്നടിയാൻ. ചരിത്രത്തിൽ അതിന് നിരവധി സാക്ഷ്യങ്ങളുണ്ട്. എന്നിട്ടും ക്ഷുദ്ര കീടങ്ങൾ എട്ടുകാലി വലകളികപ്പെട്ടു നശിക്കുന്നതുപോലെ മൂഢരായ മനുഷ്യർ ബഹുദൈവവിശ്വാസത്തിന്റെയും വിഗ്രഹാരാധനയുടെയും വലയിൽ അകപ്പെട്ട് നശിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ ആൾദൈവങ്ങൾ എത്ര അനായാസമാണ് പാമരജനങ്ങളെ വലയിലകപ്പെടുത്തുന്നത്! ഈ ദൈവങ്ങൾ ഒന്നിനു പിറകെ ഒന്നായി ക്രിമിനൽ പുള്ളികളെന്ന നിലയിൽ കാരാഗൃഹത്തിലടക്കപ്പെടുന്നു. അപ്പോഴും പുറത്ത് ഭക്തന്മാർ അവർക്കുവേണ്ടി ജീവാർപ്പണത്തിനു തയാറാകുന്നു. ബഹുദൈവ വിശ്വാസത്തിനും വിഗ്രഹാരാധനക്കും ഖുർആൻ നൽകിയ ഉദാഹരണം എത്ര അർഥവത്താണെന്നു നോക്കൂ. لَوْ كَانُوا يَعْلَمُونَ (അവർ അറിയുന്നുവെങ്കിൽ) എന്ന വാക്യം 'വീടുകളിലേറ്റം ബലഹീനമായത് ചിലന്തിവീടു തന്നെ' എന്ന വാക്യവുമായല്ല ബന്ധപ്പെട്ടിരിക്കുന്നത്. ചിലന്തിവലയുടെ ദൗർബല്യം എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. സാക്ഷാൽ സത്യദൈവമല്ലാത്ത കൃത്രിമ ദൈവങ്ങളെ രക്ഷകരായി വരിക്കുന്നത് എട്ടുകാലി തനിക്കു പാർക്കാൻ വീടുണ്ടാക്കുന്നതുപോലെയാണെന്ന സത്യം അവർ മനസ്സിലാക്കിയിരുന്നുവെങ്കിൽ എന്നാണ് താൽപര്യം. ■

---

إِنَّ اللَّهَ يَعْلَمُ مَا يَدْعُونَ مِن دُونِهِ مِن شَيْءٍ ۚ وَهُوَ الْعَزِيزُ الْحَكِيمُ ﴿٤٢﴾

42. അത്തരക്കാർ അല്ലാഹുവിനെ വെടിഞ്ഞ് പ്രാർഥിക്കുന്നതെന്തിനെയൊക്കെയാണെന്ന് അവന് നന്നായറിയാം. എന്നാൽ അജയ്യനും അഭിജ്ഞനുമായിട്ടുള്ളത് അവൻ മാത്രമാകുന്നു.

**42**

إِنَّ اللَّهَ يَعْلَمُ = തീർച്ചയായും അല്ലാഹു അറിയുന്നു (അല്ലാഹുവിന് നന്നായറിയാം)
مَا يَدْعُونَ مِن دُونِهِ مِن شَيْءٍ = അല്ലാഹുവിനെ വെടിഞ്ഞ് അവർ പ്രാർഥിക്കുന്ന (തെന്തിനെയൊക്കെയാണെന്ന്) ഏത് വസ്തുവിനെയും
وَهُوَ = (എന്നാൽ) അവൻ മാത്രമാകുന്നു الْعَزِيزُ الْحَكِيمُ = അജയ്യനും അഭിജ്ഞനുമായിട്ടുള്ളവൻ

അല്ലാഹുവിനെ വെടിഞ്ഞ് ആളുകൾ പ്രാർഥിക്കുന്ന പ്രതിഷ്ഠകളുടെയും മൂർത്തികളുടെയും പുണ്യാത്മാക്കളുടെയും ആൾദൈവങ്ങളുടെയും മറ്റു ദേവീദേവന്മാരുടെയുമൊക്കെ കാര്യം, അഥവാ പ്രാർഥന കേൾക്കാനോ സഫലമാക്കാനോ അവർക്ക് ഒട്ടും കഴിവോ അധികാരമോ ഇല്ലെന്ന യാഥാർഥ്യം അല്ലാഹുവിന് നല്ലവണ്ണം അറിയാം. മുൻ സൂക്തവുമായി ബന്ധിപ്പിക്കുമ്പോൾ വചനതാൽപര്യമിതാണ്: വിഗ്രഹാരാധകരുടെ ദേവീദേവന്മാരെക്കുറിച്ച് ഇപ്പറഞ്ഞ ഉദാഹരണം അവരെ അതിശയോക്തിപരമായി നിസ്സാരവത്കരിക്കുകയാണെന്ന് കരുതേണ്ട. കൃത്യമായ സത്യമാണ് അവതരിപ്പിച്ചിരിക്കുന്നത്. വിമർശന സന്ദർഭത്തിൽ ഒരാൾ മറ്റു ചിലരെക്കുറിച്ച് അവരെ എനിക്ക് നന്നായിട്ടറിയാം എന്നു പറയുന്നത് ഏതു ഭാഷയിലായാലും അതിൽ നിന്ദയുടെയും പരിഹാസത്തിന്റെയും ധ്വനി ഉണ്ടായിരിക്കും.

ഈ സന്ദർഭത്തിൽ അല്ലാഹുവിന്റെ അജയ്യതയും അഭിജ്ഞതയും അനുസ്മരിച്ചതിന്റെ താൽപര്യമിതാണ്: എട്ടുകാലി വല പോലെ ദുർബലരായ കൃത്രിമ ദൈവങ്ങൾക്ക് ആരെയും രക്ഷിക്കാനോ ശിക്ഷിക്കാനോ സ്വാതന്ത്ര്യവും അധികാരവുമില്ല. എല്ലാ അധികാരങ്ങൾക്കും ഉടയവനും സർവതിനെയും അതിജയിക്കാൻ കഴിവുള്ളവനും സത്യദൈവമായ അല്ലാഹു മാത്രമാകുന്നു. ചെയ്യുന്നതെന്തും നീതിയിലും ന്യായത്തിലും അധിഷ്ഠിതമായി ചെയ്യാനുള്ള ജ്ഞാനവും യുക്തിയും അവനു മാത്രമേയുള്ളൂ. അവൻ സർവതിനെയും അതിജയിക്കുന്നവനാണെങ്കിൽ ഈ ദേവതകൾക്കൊന്നും അവനെ മറികടക്കാനാവില്ല. സർവജ്ഞനും യുക്തിമാനുമാണെങ്കിൽ അവന്റെ നിയമങ്ങളെ ദുർബലപ്പെടുത്താൻ ഒരു ശക്തിക്കും കഴിയില്ല. പിന്നെ എന്തു

കണ്ടിട്ടാണ് ആളുകള്‍ അല്ലാഹുവിനെ വെടിഞ്ഞ് സാങ്കല്‍പിക ദൈവങ്ങളെ ആരാധിക്കാന്‍ ധൃഷ്ടരാകുന്നത്?! തങ്ങള്‍ ആരാധിക്കുന്ന വിഗ്രഹങ്ങള്‍ക്ക് പരമേശ്വരനില്‍ വലിയ സ്വാധീനമുണ്ടെന്നും തങ്ങളുടെ കര്‍മങ്ങള്‍ എന്തുതന്നെയായാലും പരമേശ്വരന്റെ ശിക്ഷയില്‍നിന്ന് ഈ ദൈവങ്ങള്‍ തങ്ങളെ രക്ഷിച്ചുകൊള്ളുമെന്നുമാണല്ലോ വിഗ്രഹാരാധകരുടെ വിശ്വാസം. അല്ലാഹുവിന്റെ അജയ്യതയുടെയും സര്‍വജ്ഞതയുടെയും യുക്തിനിഷ്ഠയുടെയും നിഷേധമാണീ വിശ്വാസം. അല്ലാഹു അവന്റെ ഈ ഗുണങ്ങള്‍ ഓര്‍മിപ്പിച്ചുകൊണ്ട് ഈ അന്ധവിശ്വാസത്തെ നിഷേധിക്കുകയാണ്. ■

---

وَتِلْكَ الْأَمْثَالُ نَضْرِبُهَا لِلنَّاسِ ۖ وَمَا يَعْقِلُهَا إِلَّا الْعَالِمُونَ ﴿٤٣﴾

43. എല്ലാ ജനത്തിനും വേണ്ടി നാം അവതരിപ്പിക്കുന്ന ഉദാഹരണങ്ങളാണിവ. പക്ഷേ വിവരമുള്ളവരല്ലാതെ അത് ബുദ്ധിപൂര്‍വം ഗ്രഹിക്കുന്നില്ല.

**43**

وَتِلْكَ الْأَمْثَالُ = ഇവ ഉദാഹരണങ്ങളാകുന്നു

نَضْرِبُهَا = (അവതരിപ്പിക്കുന്നു) നാം അതിനെ ഉദാഹരിക്കുന്നു لِلنَّاسِ = (എല്ലാ) ജനത്തിനും വേണ്ടി

وَمَا يَعْقِلُهَا = (എന്നാല്‍) അവ ബുദ്ധിപൂര്‍വം ഗ്രഹിക്കുന്നില്ല إِلَّا الْعَالِمُونَ = വിവരമുള്ളവരല്ലാതെ

'ഈ ഉദാഹരണങ്ങള്‍' എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് മുകളില്‍ പറഞ്ഞ സംഭവങ്ങളും ഉദാഹരണങ്ങളുമാകുന്നു. താല്‍പര്യമിതാണ്: അല്ലാഹു ഈ ഉദാഹരണങ്ങളും സംഭവങ്ങളും വിവരിച്ചത് വെറുതെ കഥ കേള്‍പ്പിക്കാനല്ല, പ്രത്യുത അനുവാചകര്‍ അതേപ്പറ്റി ആഴത്തില്‍ ആലോചിക്കാനും വിലപ്പെട്ട ജീവിത പാഠങ്ങള്‍ ഉള്‍ക്കൊള്ളാനും വേണ്ടിയാണ്. ഒരുദാഹരണം നിങ്ങളുടെ മുന്നില്‍ അവതരിപ്പിക്കുന്നത് നിങ്ങളതില്‍നിന്ന് സ്വന്തം ഭൂതവും ഭാവിയും വായിച്ചെടുക്കാനാണ്. പക്ഷേ എല്ലാ അനുവാചകരും ഉദാഹരണങ്ങളില്‍നിന്ന് പാഠം പഠിക്കുന്നില്ല. അകതാരില്‍ ബുദ്ധിയുടെയും വിവരത്തിന്റെയും വെളിച്ചം കെട്ടുപോയിട്ടില്ലാത്തവരേ പാഠം പഠിക്കൂ. ബുദ്ധിയുപയോഗിച്ച് സത്യം മനസ്സിലാക്കാനുള്ള നൈസര്‍ഗികമായ കഴിവ് നശിച്ചിട്ടില്ലാത്തവരെയാണ് ഇവിടെ വിവരമുള്ളവര്‍-عَالِمُون- എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. عَقَل (ബുദ്ധി)-ല്‍നിന്നുള്ള ക്രിയാ വചനമാണ് يعقل (ബുദ്ധിപൂര്‍വം കാര്യങ്ങള്‍ മനസ്സിലാക്കുന്നു). അങ്ങനെ ചെയ്യുന്നവനാണ് عَالِم. സ്വന്തം തോന്നലുകളെയും അന്യരില്‍നിന്ന് കേട്ടതിനെയും അന്ധമായി അനുകരിക്കുന്നവര്‍ سفهاء -മൂഢന്മാര്‍- ആകുന്നു. ഖുര്‍ആന്‍ കൊതുകിനെയും ഈച്ചയെയും ചിലന്തിയെയുമൊക്കെ ഉദാഹരിക്കുമ്പോള്‍ ഖുറൈശികള്‍ പരിഹാസത്തോടെ പറയാറുണ്ടായിരുന്നു; 'ഇത്തരം ക്ഷുദ്ര കീടങ്ങളെ ഉപമകളാക്കാന്‍ മുഹമ്മദിന് ലജ്ജയില്ലല്ലോ' എന്ന്. ആ നിലപാടുകാര്‍ക്ക് നേരെയുള്ള വിമര്‍ശനം കൂടിയുണ്ട് ഈ വാക്യത്തില്‍. ഉദാഹരണങ്ങള്‍ പറയുമ്പോള്‍ ഉദാഹരിക്കപ്പെടുന്നതിന്റെ വിലയും വലിപ്പവുമല്ല, ഉദാഹരണം പ്രകാശിപ്പിക്കുന്ന ആശയത്തെക്കുറിച്ചാണ് ബുദ്ധിയും വിവേകവുമുള്ളവര്‍ ആലോചിക്കുക എന്നു സാരം. അതില്ലാത്ത മൂഢജനങ്ങള്‍ ചരിത്രസാക്ഷ്യങ്ങളും ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കുമ്പോള്‍ അത് കേവലം പഴങ്കഥകളായി കേള്‍ക്കുകയും അതിലടങ്ങിയ പാഠങ്ങള്‍ അവഗണിച്ചുകൊണ്ട് ഉപമാനങ്ങളുടെ നിലയും വിലയും ചര്‍ച്ച ചെയ്യുകയും ചെയ്യുന്നു. ഭാരിച്ച ഗ്രന്ഥങ്ങള്‍ ഹൃദിസ്ഥമാക്കുന്നവനല്ല, തന്നിലും തന്റെ ചുറ്റുപാടിലുമുള്ള ദൃഷ്ടാന്തങ്ങളെക്കുറിച്ച് ചിന്തിക്കുകയും അതില്‍നിന്ന് ശരിയായ ജീവിതപാഠം ഉള്‍ക്കൊള്ളുകയും ചെയ്യുന്നവനാണ് ഖുര്‍ആന്റെ ഭാഷയില്‍ യഥാര്‍ഥ ജ്ഞാനി-عَالم. അത്തരം ജ്ഞാനികള്‍ ചിലപ്പോള്‍ അക്ഷരജ്ഞാനം പോലും ഇല്ലാത്തവരാകാം. ■

---

خَلَقَ اللَّهُ السَّمَاوَاتِ وَالْأَرْضَ بِالْحَقِّ ۚ إِنَّ فِي ذَٰلِكَ لَآيَةً لِّلْمُؤْمِنِينَ ﴿٤٤﴾

44. ആകാശഭൂമികളെ അല്ലാഹു സലക്ഷ്യമായിത്തന്നെ സൃഷ്ടിച്ചിരിക്കുന്നു. സത്യധര്‍മങ്ങളില്‍ വിശ്വസിക്കുന്നവര്‍ക്ക് അതില്‍ തന്നെയുണ്ട് വലിയൊരു ദൃഷ്ടാന്തം.

**44**

خَلَقَ اللَّهُ = അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു السَّمَاوَاتِ وَالْأَرْضَ = ആകാശത്തെയും ഭൂമിയെയും

بِالْحَقِّ = സലക്ഷ്യമായിതന്നെ إِنَّ فِي ذَٰلِكَ = തീര്‍ച്ചയായും അതില്‍(തന്നെ) ഉണ്ട്

لَآيَةً = (വലിയ) ഒരു ദൃഷ്ടാന്തം لِّلْمُؤْمِنِينَ = (സത്യധര്‍മങ്ങളില്‍) വിശ്വസിക്കുന്നവര്‍ക്ക്

മൂലത്തിലെ حق എന്ന പദത്തിന്റെ അര്‍ഥതലങ്ങള്‍ *ഖുര്‍ആന്‍ ബോധനം* നേരത്തേ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇവിടെ അത് പ്രകാശിപ്പിക്കുന്നത് യാഥാര്‍ഥ്യമായി, സത്യമായി, സലക്ഷ്യമായി, സമുചിതമായി തുടങ്ങിയ ആശയങ്ങ

ളെയാണ്. അതായത് ഈ പ്രപഞ്ചം ഒരു സ്രഷ്ടാവില്ലാതെ ഉളവായതല്ല. പല ദൈവങ്ങളാൽ സൃഷ്ടിക്കപ്പെട്ടതുമല്ല. ഇത് മായയോ മിഥ്യയോ അല്ല. ഏതെങ്കിലും ദൈവത്തിന്റെ ലീലാവിലാസവുമല്ല. പല ദൈവങ്ങളുടെ യുദ്ധക്കളവുമല്ല. സർവശക്തനും സർവജ്ഞനും യുക്തിമാനും അജയ്യനുമായ ഒരൊറ്റ സ്രഷ്ടാവിന്റെ ബോധപൂർവവും സലക്ഷ്യവുമായ സൃഷ്ടിയാണിത്. ഇതിന്റെ സ്രഷ്ടാവിനെയും സൃഷ്ടി ലക്ഷ്യത്തെയും വിളിച്ചോതുന്നതാണ് ഇതിന്റെ ഘടനാ സൗഷ്ഠവവും ഘടകങ്ങളുടെ ഔചിത്യമാർന്ന പരസ്പര ബന്ധവും. മനുഷ്യൻ അവനെക്കുറിച്ചൊന്നു ചിന്തിച്ചുനോക്കട്ടെ. എന്തൊരു ആകാര സൗന്ദര്യം! അവയവപ്പൊരുത്തം! അവയുടെ പ്രവർത്തന രീതി! മനുഷ്യന് ഇപ്പോഴുള്ളതിനേക്കാൾ സുന്ദരവും കാര്യക്ഷമവുമായ ഒരു രൂപഘടന സങ്കൽപിക്കാൻ പോലും സാധിക്കുന്നുണ്ടോ? ആകാശത്തെയും ഭൂമിയെയും കുറിച്ചാലോചിക്കുക. ഭൂമി ചൂടും വെളിച്ചവും വെള്ളവും നേടി ജൈവികമാകുന്നത് ആകാശത്തിനാലാണ്. ആകാശമില്ലെങ്കിൽ ഭൂമിയില്ല. ഈ ആകാശം ഒരൊറ്റ ശക്തിയുടെ കർശനമായ നിയന്ത്രണത്തിലാണെന്ന് അത് കണിശമായി പാലിച്ചുപോരുന്ന നിയമങ്ങളിൽനിന്ന് വ്യക്തമാകുന്നു. വാനലോകത്തിന്റെ പ്രവർത്തനത്തിൽ ആ നിയന്ത്രണമില്ലെങ്കിൽ ആകാശവും ഭൂമിയും തകർന്നുപോകും. ഇതിന്റെ പിന്നിലൊന്നും യാതൊരു ഉദ്ദേശ്യവും ലക്ഷ്യവുമില്ലെന്ന് കരുതാൻ യുക്തിബോധമുള്ളവർക്ക് കഴിയുന്നതെങ്ങനെ? പ്രപഞ്ച സൃഷ്ടിയുടെ യാഥാർഥ്യവും ലക്ഷ്യവും എല്ലാവർക്കും നിസ്സന്ദേഹം ബോധ്യപ്പെടുന്ന ഒരുനാൾ തീർച്ചയായും ആഗതമാകും. സ്രഷ്ടാവിന്റെ നിഷ്കൃഷ്ട നീതി സമ്പൂർണമായി യാഥാർഥ്യമാകും. മിഥ്യകളെല്ലാം അപ്രത്യക്ഷമാവുകയും ചെയ്യും. ഈ ലോകത്തെ ഒരു കളിക്കളം മാത്രമായി കണ്ട് ജീവിതം നയിച്ചവർ അന്ന് അവരുടെ ചിന്താശൂന്യതയുടെ പരിണിതഫലം അനുഭവിക്കേണ്ടിവരും. പ്രപഞ്ചം തുറന്നു കാണിക്കുന്ന ദൃഷ്ടാന്തങ്ങളിലേക്ക് കണ്ണ് തുറന്നു ജീവിതം നയിച്ചവർ സ്രഷ്ടാവിന്റെ നിത്യപ്രീതിക്ക് ഭാജനമായിത്തീരുന്നു. സൂറ *ആലുഇംറാൻ* 191-194 സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* ഈ വിഷയം കൂടുതൽ ചർച്ച ചെയ്തിരിക്കുന്നു.

إِنَّ فِي ذَٰلِكَ لَآيَةً لِّلْمُؤْمِنِينَ -ൽ آيَة (ദൃഷ്ടാന്തം) എന്ന് സാമാന്യമായി ഉപയോഗിച്ചത് അറബി ശൈലിയനുസരിച്ച് ദൃഷ്ടാന്തത്തിന്റെ വലിപ്പവും മഹത്വവും ഗൗരവവും സൂചിപ്പിക്കുന്നു. സത്യധർമങ്ങളിൽ വിശ്വസിക്കുന്നവർക്കും വിശ്വസിക്കാൻ സന്നദ്ധതയുള്ളവർക്കും പ്രപഞ്ച സൃഷ്ടിയിൽ വളരെ വലിയ ദൃഷ്ടാന്തമാണുള്ളതെന്നു സാരം. ഈ മഹാ ദൃഷ്ടാന്തത്തിന്റെ വിവിധ വശങ്ങൾ നേരത്തേ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. രക്ഷാ ശിക്ഷകളുടെ ആഗമനമാണ് അതിലേറ്റവും പ്രധാനം. പ്രപഞ്ചത്തിന്റെ ഘടനയും ഘടകങ്ങളും അതിന്റെ സ്രഷ്ടാവ് തികഞ്ഞ യുക്തിമാനും അഭിജ്ഞനുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. അതിനാൽ അവന്റെ സമ്പൂർണ നീതി വെളിപ്പെടുന്ന ഒരു സന്ദർഭം അവൻ സൃഷ്ടിക്കുക അനിവാര്യമാകുന്നു. ഇല്ലെങ്കിൽ ഈ പ്രപഞ്ചം തികച്ചും അയുക്തികമായും അലക്ഷ്യമായും സൃഷ്ടിക്കപ്പെട്ട ഒരു കളിക്കോപ്പു മാത്രമാണെന്നു വരും. അതാകട്ടെ പ്രപഞ്ചത്തിന്റെ സകല കോണുകളിലും പ്രകടമാകുന്ന സ്രഷ്ടാവിന്റെ സർവജ്ഞതക്കും സർവ ശക്തിക്കും അപാര കാരുണ്യത്തിനും വ്യവസ്ഥാപിതത്വത്തിനുമെല്ലാം വിരുദ്ധമാകുന്നു.

ഈ ലോകത്തിന്റെ പര്യവസാനം പരിഗണിക്കുമ്പോൾ, പരലോകം ലക്ഷ്യമാക്കിയുള്ള ജീവിതമാണ് സഫല ജീവിതം എന്നു ചൂണ്ടിക്കാട്ടുന്നു എന്നതാണ് ഈ ദൃഷ്ടാന്തത്തിന്റെ രണ്ടാമത്തെ വശം. കാരണം ശാശ്വത വിജയത്തിന്റെയും ശാശ്വത നാശത്തിന്റെയും വിധി അവിടെയാണ് നടക്കേണ്ടത്. ആകാശമില്ലെങ്കിൽ ഭൂമി നിലനിൽക്കാത്ത പോലെ പരലോകമില്ലെങ്കിൽ ഈ ലോകവും നിലനിൽക്കുകയില്ല. എല്ലാ കാര്യങ്ങളിലും നന്മതിന്മകൾ തീരുമാനിക്കേണ്ടത് അതിന്റെ പാരത്രിക ഫലം പരിഗണിച്ചായിരിക്കണം എന്നത്രെ ഇത് താൽപര്യപ്പെടുന്നത്. നീതിമാന്മാർക്ക് പലപ്പോഴും അതിന്റെ പേരിൽ ക്ലേശങ്ങൾ നേരിടേണ്ടിവന്നേക്കാം. അതിൽ പരിഭ്രാന്തരായി അവർ നീതിയിൽനിന്ന് വ്യതിചലിച്ചുകൂടാ. കാരണം ഈ ക്ലേശങ്ങളുടെയും പീഡനങ്ങളുടെയുമെല്ലാം അന്തിമ ഫലം മഹാ സൗഭാഗ്യമായിരിക്കും.

പ്രാപഞ്ചിക ദൃഷ്ടാന്തത്തിന്റെ മൂന്നാമത്തെ മുഖം ദൈവത്തിന്റെ ഏകത്വം പ്രകാശിപ്പിക്കുകയും ബഹുദൈവത്വത്തെയും ശിപാർശാ വിശ്വാസത്തെയും നിരാകരിക്കുകയും ചെയ്യുന്നു. പ്രപഞ്ച സൃഷ്ടി സോദ്ദേശ്യവും നൈതികവും വ്യവസ്ഥാപിതവുമാകുന്നു എന്നതിനെതിരാകുന്നു ഇത്തരം വിശ്വാസങ്ങൾ. തങ്ങളുടെ ഊറ്റം കൊണ്ടും സ്വാധീനം കൊണ്ടും ഏതെങ്കിലും സത്യത്തെ മിഥ്യയാക്കാനും മിഥ്യയെ സത്യമാക്കാനും കഴിയുന്ന ദേവതകളും ശിപാർശകരും ഈ ലോകത്തുണ്ടായിരിക്കുക എന്നതിനർഥം പ്രപഞ്ച സൃഷ്ടി സോദ്ദേശ്യവും നൈതികവും അല്ലെന്നും അന്ധവും അവ്യവസ്ഥിതവുമാണെന്നുമത്രെ. ■